**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2454** **12-10-2021 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിലെ ശമ്പള പരിഷ്കരണ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ (കെ.എസ്.ഐ.ഇ.) ശമ്പളപരിഷ്കരണം വൈകുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (എ) | 18/06/2020 -ലെ സ.ഉ.(അച്ചടി) നം.17/2020/വ്യവ പ്രകാരം കെ.എസ്.ഐ.ഇ - യുടെ സ്റ്റാഫ് പാറ്റേൺ അംഗീകരിക്കുകയും, തുടർന്ന് കമ്പനി സമർപ്പിച്ച ശമ്പള പരിഷ്കരണം സംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ സർക്കാർ പരിഗണനയിലുമാണ്. |
| (ബി) | ശമ്പള പരിഷ്കരണനടപടികളിൽ നിന്നും കെ.എസ്.ഐ.ഇ. ക്ക് കീഴിലെ കേരള സോപ്സ്, സി.ഐ.സി.എഫ്.എസ്. എന്നീ യൂണിറ്റുകളിലെ സ്ഥിരം ജീവനക്കാരെ ഒഴിവാക്കാനുള്ള ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കെ.എസ്.ഐ.ഇ. യുടെ എല്ലാ യൂണിറ്റുകളിലെയും സ്ഥിരം ജീവനക്കാരെ കൂടി ഉൾപ്പെടുത്തി ശമ്പളപരിഷ്കരണം നടത്തുവാൻ സർക്കാർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ എന്ന് അറിയിക്കുമോ; | (ബി) | കെ.എസ്.ഐ.ഇ -യുടെ യൂണിറ്റുകളായ കേരള സോപ്സ്, കൊച്ചിൻ ഇന്റർനാഷണൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ എന്നീ യൂണിറ്റുകളിൽ 2013, 2014, 2015 വർഷങ്ങളിലാണ് റിയാബ് വഴി സ്ഥിര നിയമനം നടന്നത്. കെ.എസ്.ഐ.ഇ യുടെ മറ്റ് യൂണിറ്റുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ കേരള സോപ്സ്-ലെയും കൊച്ചിൻ ഇന്റർനാഷണൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ-ലെയും ഭൂരിഭാഗം തസ്തികകളിലും സർക്കാർ നിർദ്ദേശ-പ്രകാരമുള്ള ശമ്പള പരിഷ്കരണം, പ്രൊമോഷൻ പോളിസി എന്നിവ സംബന്ധിച്ച പ്രൊപ്പോസലിൽ റിയാബിന്റെ ശിപാർശ ലഭ്യമാക്കുവാനാവശ്യപ്പെട്ടിരിക്കുകയാണ്. |
| (സി) | കേരള സോപ്സ്, സി.ഐ.സി.എഫ്.എസ്. എന്നീ യൂണിറ്റുകളിലെ ജീവനക്കാരെ കെ.എസ്.ഐ.ഇ. യിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താതെ പ്രമോഷൻ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് കാരണത്താലാണ് ഇവരെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താതെ പ്രമോഷൻ നിഷേധിക്കുന്നതെന്ന് പരിശോധിക്കുമോ; | (സി) | കെ.എസ്.ഐ.ഇ -യുടെ യൂണിറ്റുകളായ കേരള സോപ്സ്, കൊച്ചിൻ ഇന്റർനാഷണൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ എന്നീ യൂണിറ്റുകളിൽ 2013, 2014, 2015 വർഷങ്ങളിലാണ് റിയാബ് വഴി സ്ഥിര നിയമനം നടന്നത്. കെ.എസ്.ഐ.ഇ യുടെ മറ്റ് യൂണിറ്റുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ കേരള സോപ്സ്-ലെയും കൊച്ചിൻ ഇന്റർനാഷണൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ-ലെയും ഭൂരിഭാഗം തസ്തികകളിലും സർക്കാർ നിർദ്ദേശ-പ്രകാരമുള്ള ശമ്പള പരിഷ്കരണം, പ്രൊമോഷൻ പോളിസി എന്നിവ സംബന്ധിച്ച പ്രൊപ്പോസലിൽ റിയാബിന്റെ ശിപാർശ ലഭ്യമാക്കുവാനാവശ്യപ്പെട്ടിരിക്കുകയാണ്. |
| (ഡി) | പ്രസ്തുത യൂണിറ്റുകളിലെ ജീവനക്കാർക്കും പ്രത്യേകം സീനിയോറിറ്റി ലിസ്റ്റ് ഉണ്ടാക്കി അർഹരായ എല്ലാ | (ഡി) | കെ.എസ്.ഐ.ഇ -യുടെ യൂണിറ്റുകളായ കേരള സോപ്സ്, കൊച്ചിൻ ഇന്റർനാഷണൽ കണ്ടെയ്നർ |

| | | | |
|---|---|---|---|
| | ജീവനക്കാരെയും അതിൽ ഉൾപ്പെടുത്തി പ്രമോഷൻ നൽകുവാൻ കെ.എസ്.ഐ.ഇ. അധികൃതർക്ക് സർക്കാർ നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ? | | ഫ്രൈറ്റ് സ്റ്റേഷൻ എന്നീ യൂണിറ്റുകളിൽ 2013, 2014, 2015 വർഷങ്ങളിലാണ് റിയാബ് വഴി സ്ഥിര നിയമനം നടന്നത്. കെ.എസ്.ഐ.ഇ യുടെ മറ്റ് യൂണിറ്റുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ കേരള സോപ്പ്-ലെയും കൊച്ചിൻ ഇന്റർനാഷണൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ-ലെയും ഭൂരിഭാഗം തസ്തികകളിലും സർക്കാർ നിർദ്ദേശ-പ്രകാരമുള്ള ശമ്പള പരിഷ്കരണം, പ്രൊമോഷൻ പോളിസി എന്നിവ സംബന്ധിച്ച പ്രൊപ്പോസലിൽ റിയാബിന്റെ ശിപാർശ ലഭ്യമാക്കുവാനാവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ